# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2904 15.12.2015-ലെ മറുപടിക്ക്

## എച്ച്.എസ്.എസ്.റ്റി. കോമേഴ്സ് നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജി.സുധാകരൻ | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) നിലവിലെ എൽ.പി.എസ്.എ., യു.പി.എസ്.എ., എച്ച്.എസ്.എ.മാരിൽ എത്ര പേർക്ക് എച്ച്.എസ്.എസ്.റ്റി. കോമേഴ്സ് തസ്തികയിൽ പ്രമോഷൻ ലഭിക്കാൻ അർഹതയുണ്ട്; ഇതിനായി എത്ര തസ്തികകൾ ഒഴിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ; | (എ) 30/11/2011 വരെയുള്ള ഒഴിവുകളിലേക്കുള്ള തസ്തികമാറ്റ നിയമനത്തിന് അർഹരായവരുടെ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും 2 പേർക്ക് എച്ച് എസ് എസ് റ്റി (കൊമേഴ്സ്) തസ്തികയിൽ നിയമനം നൽകുന്നതിന് ഒഴിവ് ശേഷിക്കുന്നു. അതിലേക്കായി 2 ഒഴിവ് മാറ്റിവച്ചിട്ടുണ്ട്. |
| (ബി) ബൈട്രാൻസ്ഫർ പ്രമോഷന് അർഹരായവർ ഇല്ലാത്ത പക്ഷം പ്രസ്തുത ഒഴിവുകളിലേക്ക് നിലവിലുള്ള എച്ച്.എസ്.എസ്.റ്റി. കോമേഴ്സ് റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ? | (ബി) എച്ച്.എസ്.എസ്.റ്റി. കോമേഴ്സ് തസ്തികയിൽ ബൈട്രാൻസ്ഫർ പ്രൊമോഷൻ യോഗ്യരായവർ ഉണ്ട്. |
| (സി) എൻ. വി. റ്റി. തസ്തികയിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളത്; ഈ തസ്തികയിലെ എൻ.ജെ.ഡി. ഒഴിവുകൾ എത്ര; ഈ തസ്തികയിൽ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ? | (സി) നോൺ വൊക്കേഷണൽ ടീച്ചർ (സീനിയർ) തസ്തികയിൽ നേരിട്ടുള്ള നിയമനത്തിന് 22 ഒഴിവുകളും ബൈട്രാൻസ്ഫർ വഴി യോഗ്യരായ മിനിസ്റ്റീരിയൽ വിഭാഗത്തിൽ നിന്നും 4 ഒഴിവുകളും പി എസ് സി-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ നേരിട്ട് നിയമനത്തിനുള്ള 22 ഒഴിവുകളിലേക്ക് പി.എസ്.സി അഡ്വൈസ് ലഭിച്ച മുറയ്ക്ക് വകുപ്പിൽ നിന്നും നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. എൻ.ജെ.ഡി ഒഴിവുകൾ സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ ലഭ്യമായിട്ടില്ല. വിവരങ്ങൾ ലഭിക്കുന്ന മുറയ്ക്ക് പി.എസ്.സി യെ കൃത്യമായി അറിയിക്കുന്നതാണ്. |

Malayalam (signature)

സെക്ഷൻ ഓഫീസർ